കവർസ്റ്റോറി

ഡോ. അബ്ദുസ്സലാം വാണിയമ്പലം

## ജനീവ ഡയലോഗ്

# നാഗരികതകളുടെ പരാഗണം



■ മുസ്‌ലിം വേൾഡ് ലീഗ് സെക്രട്ടറി ജനറൽ അബ്ദുല്ല തുർക്കി

**സാമുവൽ** പി. ഹണ്ടിംഗ്ടന്റെ കാലം കഴിഞ്ഞെന്നു കരുതാം. കാരണം, അദ്ദേഹത്തിന്റെ കൃതി 'The Clash of Civilizations' വെറും 'മിത്താ'ണെന്ന് വിലയിരുത്തുന്നവരുടെ എണ്ണം ലോകത്ത് വർധിച്ചുവരികയാണ്. 1992-ൽ, അമേരിക്കൻ എന്റർപ്രൈസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പ്രഭാഷണത്തിൽ, ശീതയുദ്ധാനന്തര ലോകത്ത് സംഘട്ടനങ്ങളുടെ സ്രോതസ്സ് മതങ്ങളായിരിക്കും എന്ന് സിദ്ധാന്തിച്ച് രംഗത്തുവന്ന ഹണ്ടിംഗ്ടണും, 1992-ൽതന്നെ പാശ്ചാത്യ നാഗരികതയുടെ വിജയം പ്രവചിച്ചു കൊണ്ട് *The End of History and Last man* എഴുതിയ ഫ്രാൻസിസ് ഫുകുയാമയും കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ഭീകരമായൊരു സംഘർഷ ജ്വരം ലോകത്ത് രൂപപ്പെട്ടുവന്നതിന്റെ ധൈഷണിക പശ്ചാത്തലം മെനഞ്ഞെടുത്തവരാണ്. കരുതിക്കൂട്ടിയുള്ളൊരു രംഗസജ്ജീകരണമായിരുന്നു അതെന്ന് പിന്നീട് ബോധ്യപ്പെട്ടു.

അവരുടെ കാൽപനികതക്ക് ജോർജ് ബുഷ് ഊടും പാവും പണിത്

യുദ്ധാവിഷ്കാരം നൽകിയതോടെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ യാഥാർഥ്യമാണെന്നു വന്നു. 2001 സെപ്റ്റംബർ 11 സംഭവത്തോടെ അത് പാരമ്യതയിലെത്തി. തുടർന്നുണ്ടായ ഇറാഖ്-അഫ്ഗാൻ അധിനിവേശങ്ങളോടെ ലോകം അക്ഷരാർഥത്തിൽ നരകമായിത്തീർന്നു. ആ സംഭവങ്ങളുടെയൊക്കെ മുഖ്യ ഇരകളായിത്തീർന്നത് മുസ്‌ലിംകളാണെങ്കിലും പാശ്ചാത്യ നാഗരികതക്കും മാരകമായ പോറലേൽക്കുകയാണെന്ന് പാശ്ചാത്യർ തന്നെ വിലയിരുത്തിത്തുടങ്ങി. സംഘട്ടനങ്ങളിലൂടെ പരിഹരിക്കാനാവുന്നതല്ല പ്രശ്നങ്ങളെന്ന് ചിന്തിക്കുന്നവരുടെ എണ്ണം പടിഞ്ഞാറ് വർധിച്ചു വന്നു. അതിന്റെ പ്രതിഫലനമായിരുന്നു ജോർജ് ബുഷിന്റെ നിഷ്കാസനവും ബറാക് ഒബാമയുടെ അധികാരാരോഹണവും.

നാഗരികതകളുടെ സംഘട്ടനങ്ങളെക്കുറിച്ച പെരുമ്പറകൾക്കിടയിൽ ഇറാൻ പ്രസിഡന്റായിരുന്ന ഖാതമിയുടെ നാഗരികതകളുടെ സംവാദത്തെപ്പറ്റിയുള്ള വർത്തമാനമോ, 2001 നാഗരികതകളുടെ സംവാദത്തിന്റെ വർഷമായി ആചരിക്കാനുള്ള യു.എന്നിന്റെ ആഹ്വാനമോ ചെവികൊള്ളാതെ പോയ ലോകം, 2007-ഓടെ യാഥാർഥ്യബോധത്തിലേക്ക് തിരികെ വന്നു. അതിൽ പിന്നെ ഹണ്ടിംഗ്ടണും ഫുകുയാമയും മാറ്റിനിർത്തപ്പെട്ടു. പോൾ ബെർമാനും (Terror and Liberation) അമർത്യ സെന്നും (How to Judge Globalisation?) എഡ്വേർഡ് സൈദും (The Myth of Clash of Civilizations) ഹണ്ടിംഗ്ടനെ ന്യായയുക്തം ഖണ്ഡിച്ചു.

നാഗരികതകളുടെ സംവാദത്തെയും സമന്വയത്തെയും ആദാനപ്രദാനത്തെയും പറ്റിയുള്ള വർത്തമാനങ്ങൾ വർധിച്ചു. മുസ്‌ലിം ലോകമാണ് അക്കാര്യത്തിൽ മുന്നിട്ടുനിന്നത്. സ്വാഭാവികമായിരുന്നു അത്. കാരണം, ഇസ്‌ലാമിക പക്ഷത്തു നിന്നുകൊണ്ട് ഏറെ എളുപ്പത്തിൽ ഉയർത്താവുന്നൊരു മുദ്രാവാക്യമായിരുന്നു 'നാഗരികതകളുടെ സംവാദം.' അത്രയധികം തെളിവുകളുണ്ടതിന് ഖുർആനിലും ഹദീസിലും ചരിത്രത്തിലും. തുറന്ന മനസ്സോടെയും മുൻവിധിയില്ലാതെയും തുല്യ പദവിയോടെയും സംവാദം എന്ന ആശയത്തെ ഉയർത്തിപ്പിടിക്കുന്നുണ്ട് ഖുർആൻ. ബഹുസ്വരത ദൈവിക നടപടിക്രമവും പ്രാപഞ്ചിക സത്യവുമാണെന്നും പ്രഖ്യാപിക്കുന്നു.

ഇസ്‌ലാമിക രാഷ്ട്രമുണ്ടാക്കാൻ മദീനയിൽ സാഹചര്യമൊരുങ്ങിയപ്പോൾ ഏകപക്ഷീയമായി രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു പകരം അവിടെയുള്ള ബഹുദൈവ വിശ്വാസികളെയും ജൂതന്മാരെയും പങ്കാളികളാക്കിക്കൊണ്ട് ഇസ്‌ലാമിക രാഷ്ട്രത്തെ ബഹുസ്വരതയിൽ കെട്ടിപ്പടുത്തു പ്രവാചകൻ.

ബഹുസ്വരതയെയും നാഗരികതകൾ തമ്മിലുള്ള സംവാദത്തെയും പറ്റിയുള്ള, ഇത്തരം നിലപാടുതറകളിൽ നിന്നുകൊണ്ട് ഡയലോഗിനെപ്പറ്റി ഇസ്‌ലാമിക പണ്ഡിതന്മാർ ഉന്നയിച്ച ന്യായങ്ങൾ ലോകത്ത് ഒരു സംവാദ അവബോധം സൃഷ്ടിക്കുന്നതിൽ വലിയ പങ്കു വഹിച്ചു. ഈ ഗണത്തിൽ നൂറുക്കണക്കിന് പഠനങ്ങളും ഗവേഷണങ്ങളും മുസ്‌ലിം ലോകത്ത് നടന്നു. കുറെ കൃതികൾ പുറത്തു വന്നു. സെമിനാറുകളും കോൺഫറൻസുകളും ലോകത്തിന്റെ പല ഭാഗത്തും സംഘടിപ്പിക്കപ്പെട്ടു.

എന്നാൽ, മുസ്‌ലിം ലോകത്ത് ഭരണ രംഗത്ത് നിന്ന് ഈ ഗണത്തിൽ മൂർത്തവും ക്രിയാത്മകവുമായൊരു ചുവടുവെപ്പ് നടത്താൻ മുന്നോട്ടു വന്നത് സുഊദി ഭരണാധികാരി അബ്ദുല്ലാ രാജാവായിരുന്നു. മക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന മുസ്‌ലിം വേൾഡ് ലീഗിന്റെ കാർമികത്വത്തിൽ 2008 ജൂൺ നാലു മുതൽ ആറു വരെ തീയതികളിൽ മക്കയിൽ വിളിച്ചുചേർത്ത അന്താരാഷ്ട്ര ഡയലോഗ് സമ്മേളനത്തോടെയായിരുന്നു തുടക്കം. അതിന്റെ തുടർച്ചയായി അടുത്ത മാസം പതിനാറു മുതൽ പതി

നെട്ടു വരെ സ്പെയിൻ തലസ്ഥാനമായ മാഡ്രിഡിലും അന്താരാഷ്ട്ര ഡയലോഗ് സമ്മേളനം നടന്നു. ഈ രണ്ടു സമ്മേളനങ്ങളുടെയും ഫോളോഅപ്പ് എന്ന നിലയിലാണ് ഇക്കഴിഞ്ഞ സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിൽ സ്വിറ്റ്സർലന്റ് തലസ്ഥാനമായ ജനീവയിൽ അന്താരാഷ്ട്ര സമ്മേളനം നടന്നത്. 'മത സംവാദ രംഗത്ത് അബ്ദുല്ലാ രാജാവിന്റെ ശ്രമങ്ങളും മാനവിക മൂല്യങ്ങളുടെ പ്രചാരണത്തിൽ അത് ചെലുത്തിയ സ്വാധീനവും' എന്നതായിരുന്നു സമ്മേളനത്തിന്റെ തലക്കെട്ട്. മാനവിക മൂല്യങ്ങളുടെ പ്രചാരണത്തിൽ സംവാദ സംരംഭങ്ങളുടെ പങ്ക്, സംവാദം-മനുഷ്യൻ-സമൂഹം, നാഗരികതകളുടെ സംവാദം ആധുനിക സമൂഹത്തിൽ, നാഗരികതകളുടെ സഹജീവനം, സമൂഹ സംസ്കരണത്തിൽ മത മൂല്യങ്ങളുടെ പങ്ക്, സംവാദവും മാനവിക മൂല്യങ്ങളും പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് എന്നീ തലക്കെട്ടുകളിൽ മൊത്തം ആറു സെഷനുകളിലായാണ് സമ്മേളനം നടന്നത്.

സ്വിറ്റ്സർലന്റ് പ്രസിഡന്റിനു വേണ്ടി അവരുടെ യു.എൻ അഡ്വൈസർ മോറിയൽ പെറസ്റ്റാണ് സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. ഉന്നത മൂല്യങ്ങളുടെ പ്രചാരണത്തിൽ മതങ്ങൾക്ക് വഹിക്കാവുന്ന പങ്ക് അവർ എടുത്തുപറഞ്ഞു. മുസ്ലിം വേൾഡ് ലീഗ് സെക്രട്ടറി ജനറൽ ഡോ. അബ്ദുല്ല അബ്ദുൽ മുഹ്സിൻ അത്തുർക്കി, സുഊദി ഹ്യൂമൻ റൈറ്റ്സ് കമീഷൻ പ്രസിഡന്റ് ഡോ. ബന്ദർ ബ്നു മുഹമ്മദ്, വേൾഡ് ചർച്ച് കൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാമുവൽ കോബിയ അൽ ഐബാൻ എന്നിവർ ഉദ്ഘാടന സെഷനിൽ പ്രസംഗിച്ചു. ലോകം ഇന്ന് നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരാർഥം മതങ്ങൾ ഒറ്റക്കെട്ടായി നിൽക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് അവർ വിരൽ ചൂണ്ടിയത്.

ക്രിസ്ത്യൻ ആന്റ് മുസ്ലിം ഫോർ പീസിന്റെ പ്രസിഡന്റ് ഡോ. വില്യം ബേക്കർ (യു.എസ്), ജൂത പുരോഹിതൻ സ്റ്റീഫൻ ജേക്കബ് (യു.എസ്), ഫാദർ നബീൽ ഹദ്ദാദ് (ജോർദാൻ), ഡോ. സാമിർ നൂഹ് (ജപ്പാൻ യൂനിവേഴ്സിറ്റി), നാഷനൽ കൗൺസിൽ ഓഫ് ചർച്ച് മുൻ സെക്രട്ടറി ജനറലും മുൻ കോൺഗ്രസ് അംഗവുമായ ഡോ. റോബർട്ട് എഡ്ഗാർ (യു.എസ്), ബോസ്നിയൻ മുഫ്തി ഡോ. മുസ്ത്വഫാ ഇബ്റാഹീം, വത്തിക്കാൻ പ്രതിനിധി ഖാലിദ് ബുത്റുസ് ഖലീൽ, ലബനാൻ വാർത്താ വിനിമയ മന്ത്രി ഡോ. താരിഖ് മിത്രി, കൗൺസിൽ ഓഫ് അമേരിക്കൻ ഇസ്ലാമിക് റിലേഷൻസ് ചെയർമാൻ ഡോ. നിഹാദ് അവദ്, സ്വാമി അഗ്നിവേശ് (ഇന്ത്യ), സുഊദി ഇസ്ലാമിക് അഫയേഴ്സ് സുപ്രിം കൗൺസിൽ സെക്രട്ടറി ജനറൽ ഡോ. സ്വാലിഹ് ഹുസൈൻ അൽ ആഇദ്, ശൈഖ് ഫൗസി ഫാദിൽ (ഈജിപ്ത്) തുടങ്ങിയ പ്രമുഖരാണ് വിവിധ സെഷനുകളിൽ വിഷയങ്ങളവതരിപ്പിച്ചത്. വിഷയാവതരണങ്ങൾക്ക് ശേഷം പ്രതിനിധികൾക്കും സംസാരിക്കാൻ അവസരമുണ്ടായിരുന്നു.

## സംവാദം കരുതിവെപ്പില്ലാതെ

തുറന്ന ചർച്ചയാണ് സമ്മേളനത്തിലുടനീളം നടന്നത്. തികഞ്ഞ സൗഹൃദാന്തരീക്ഷത്തിൽ സംസ്കാരങ്ങളുടെ പരാഗണ സാധ്യതകളാരായാൻ പ്രതിനിധികൾ ശ്രദ്ധിച്ചു. യുദ്ധം, ദാരിദ്ര്യം, അരക്ഷിതത്വം തുടങ്ങി മാനവരാശി നേരിടുന്ന പ്രശ്നങ്ങൾക്ക് മതങ്ങൾ കൂട്ടായി പരിഹാരത്തിലെത്തേണ്ടതിന്റെ ആവശ്യകത അവർ ഊന്നിപ്പറഞ്ഞു. നാഗരികതകളുടെ സംവാദത്തിന്റെയും സമന്വയത്തിന്റെയും സഹജീവനത്തിന്റെയും വിഷയത്തിൽ സ്വന്തം മതങ്ങൾ സമർപ്പിച്ച തത്ത്വങ്ങളിലേക്ക് ഓരോ മതത്തിന്റെയും പ്രതിനിധികൾ വെളിച്ചം നൽകി. ലോകത്ത് കടുത്ത ദാരിദ്ര്യമനുഭവിക്കുന്നവരുടെയും യുദ്ധക്കെടുതികൾ സഹിക്കുന്നവരുടെയും പ്രശ്നങ്ങൾ സ്ഥിതിവിവരക്കണ



■ ലേഖകൻ സദസ്സിനെ അഭിസംബോധന ചെയ്യുന്നു

**തുറന്ന ചർച്ചയാണ് സമ്മേളനത്തിലുടനീളം നടന്നത്. തികഞ്ഞ സൗഹൃദാന്തരീക്ഷത്തിൽ സംസ്കാരങ്ങളുടെ പരാഗണ സാധ്യതകളാരായാൻ പ്രതിനിധികൾ ശ്രദ്ധിച്ചു. യുദ്ധം, ദാരിദ്ര്യം, അരക്ഷിതത്വം തുടങ്ങി മാനവരാശി നേരിടുന്ന പ്രശ്നങ്ങൾക്ക് മതങ്ങൾ കൂട്ടായി പരിഹാരത്തിലെത്തേണ്ടതിന്റെ ആവശ്യകത അവർ ഊന്നിപ്പറഞ്ഞു.**

ക്കുകളോടെ നിരത്തി, പരിഹാരത്തിന് വിവിധ മതവിഭാഗങ്ങൾ സമന്വയത്തിലെത്തേണ്ടതിന്റെ അനിവാര്യതക്ക് അടിവരയിട്ട സ്വാമി അഗ്നിവേശിന്റെ പ്രസംഗം ശ്രദ്ധേയമായി. സഹജീവനത്തിന്റെ ഇന്ത്യൻ മാതൃകകളവതരിപ്പിച്ച് എം.ഡി നാലപ്പാട്ട് നടത്തിയ ഇടപെടലുകളും സമ്മേളനം കൗതുകത്തോടെയാണ് കേട്ടിരുന്നത്.

ഉപചാര വാക്കുകളിലൊതുങ്ങാതെ, വിമർശിക്കേണ്ടതിനെ വിമർശിക്കാനും പ്രതിനിധികൾ ആർജവം കാണിച്ചതാണ് സമ്മേളനത്തെ കൂടുതൽ ഫലപ്രദമാക്കിയത്. മുസ്‌ലിം പക്ഷത്തു നിന്നാണ് ഈ ദിശയിൽ കൂടുതൽ ഇടപെടലുകളുണ്ടായത്. പാശ്ചാത്യർക്കുനേരെ അവർ ഉയർത്തിയ കടുത്ത വിമർശനങ്ങൾ പലപ്പോഴും പടിഞ്ഞാറു നിന്നെത്തിയ പ്രതിനിധികളെ പ്രതിരോധത്തിലാക്കി. മനുഷ്യാവകാശത്തിന്റെ തലസ്ഥാന നഗരിയായ ജനീവയിൽ നിന്ന്, പടിഞ്ഞാറിന്റെ മനുഷ്യാവകാശ ധ്വംസനങ്ങളുടെയും ഇരട്ടത്താപ്പുകളുടെയും ഉദാഹരണങ്ങൾ അവർ അക്കമിട്ടു നിരത്തിക്കൊണ്ട് ഡയലോഗുകൾ നിഷ്ഫലമാകുന്നതെങ്ങനെയെന്നു വിശദീകരിച്ചു. (ഡയലോഗ് നടക്കുന്ന ഇന്റർ കോണ്ടിനെന്റൽ ഹോട്ടലിനു സമീപം അതേ സമയത്തുതന്നെ ആണവായുധ വിഷയങ്ങളിൽ ഇറാനെ മെരുക്കിയെടുക്കാൻ അമേരിക്കയുടെയും യൂറോപ്യൻ യൂനിയന്റെയും വക്താക്കൾ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നുവെന്നത് ഒരു യാദൃച്ഛികത. ഡയലോഗ് കഴിഞ്ഞ് മുസ്‌ലിം വേൾഡ്

ലീഗ് സെക്രട്ടറി പത്രസമ്മേളനം നടത്തുമ്പോൾ ഇന്റർ കോണ്ടിനെന്റൽ ഹോട്ടലിന്റെ മറ്റൊരു ഹാളിൽ യു.എസ്-ഇ.യു നേതാക്കൾ ഇറാൻ വഴങ്ങിയെന്ന സന്തോഷം പ്രഖ്യാപിക്കുന്നുണ്ടായിരുന്നു മറ്റൊരു പത്ര സമ്മേളനത്തിൽ).

ബോസ്നിയൻ മുഫ്തി ഡോ. മുസ്ത്വഫാ ഇബ്റാഹീമാണ് ഭീകരത, ആയുധ നിർവ്യാപനം തുടങ്ങിയ വിഷയത്തിൽ പാശ്ചാത്യർ, വിശേഷിച്ചും അമേരിക്ക പുലർത്തുന്ന ഇരട്ടത്താപ്പുകളെ രൂക്ഷമായി വിമർശിച്ചത്. അമേരിക്കൻ കോൺഗ്രസ് അംഗമായിരുന്ന ഡോ. റോബർട്ട് അതിനു മറുപടിയായി, ബോസ്നിയൻ മുഫ്തിയെ ശരിവെക്കുകയും എന്നാൽ അമേരിക്കൻ നിലപാടിൽ മാറ്റം വന്നുതുടങ്ങിയത് കാണേണ്ടതുണ്ടെന്ന് ഓർമിപ്പിക്കുകയും ചെയ്തു. യുദ്ധക്കെടുതികൾക്കിരയാകുന്ന കുട്ടികളുടെ ദയനീയാവസ്ഥ പരാമർശിക്കവെ താൻ നേരിൽ കണ്ട കാഴ്ചകൾ പലതും വിശദീകരിച്ച് അമേരിക്കയിലെ ക്രിസ്ത്യൻ ആന്റ് മുസ്ലിം ഫോർ പീസ് പ്രസിഡന്റ് ഡോ. വില്യം ബേക്കർ പലപ്പോഴും വികാരഭരിതനായി. ഭരണകൂട ഭീകരതക്കു നേരെ രൂക്ഷമായ വിമർശനങ്ങളാണ് അദ്ദേഹം നടത്തിയത്.

## സഹവാസത്തിന്റെ സൽഫലം

വിഷയാവതരണങ്ങളും ചർച്ചകളും താത്ത്വിക വർത്തമാനങ്ങളും എന്നതിലുപരി, രണ്ടുദിവസം ഒന്നിച്ചു കഴിയുകയും ഇടപഴകുകയും അനുഭവങ്ങൾ പങ്കിടുകയും സംസ്കാരങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുമ്പോഴുണ്ടാകുന്ന മഞ്ഞുരുക്കങ്ങളും പരസ്പര മതിപ്പുകളുമാണ് ഇത്തരം സമ്മേളനങ്ങളുടെ വലിയ നേട്ടങ്ങൾ. ആ അർഥത്തിൽ ജനീവ ഡയലോഗ് നല്ലൊരു ശതമാനം വിജയം കൈവരിച്ചുവെന്നു വിലയിരുത്താം.

സമൂഹങ്ങൾ തമ്മിലുള്ള നല്ല ബന്ധങ്ങൾക്ക് പോറലേൽപിക്കുന്ന തെറ്റിദ്ധാരണകൾ തിരുത്തണമെന്നും, മതങ്ങളല്ല സ്വാർഥ താൽപര്യങ്ങളാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് തിരിച്ചറിയണമെന്നും സമ്മേളനം അംഗീകരിച്ച പ്രമേയം ആഹ്വാനം ചെയ്തു. മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കാൻ രാഷ്ട്രങ്ങൾക്കും സ്ഥാപനങ്ങൾക്കും ബാധ്യതയുണ്ടെന്ന് പ്രമേയം ഉണർത്തി.

ഡയലോഗിനുവേണ്ടി സ്ഥിരം അന്താരാഷ്ട്ര സെന്റർ സ്ഥാപിക്കുക, സംരംഭങ്ങളിൽ സ്ത്രീകളുടെയും യുവാക്കളുടെയും പങ്കാളിത്തം വർധിപ്പിക്കുക തുടങ്ങി ക്രിയാത്മകമായ പല നിർദേശങ്ങളും സമ്മേളനം മുന്നോട്ടുവെച്ചിട്ടുണ്ട്. 'നാഗരികതകൾ തമ്മിലുള്ള സംവാദത്തിൽ ലോക മാധ്യമങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ഒരന്താരാഷ്ട്ര സമ്മേളനം വിളിച്ചുചേർക്കണമെന്നതും സമ്മേളനത്തിന്റെ നിർദേശങ്ങളിൽ പെടുന്നു. ■

drsalam@aljamia.net